**<u>15 -ാം കേരള നിയമസഭ</u>**

**<u>8 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2851</u>** **<u>28-02-2023 - ൽ മറുപടിയ്ക്ക്</u>**

**<u>വന്യജീവി ആക്രമണം തടയാൻ നടപടി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ജനവാസ മേഖലകളിൽ വന്യജീവികളുടെ സാന്നിധ്യവും ആക്രമണവും വർദ്ധിച്ച് വരുന്നതിനാൽ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനായി വനം വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | വന്യജീവികൾ ജനവാസ മേഖലകളിലിറങ്ങുന്നത് തടയുന്നതിനായി വനാതിർത്തികളിൽ സൗരോർജ്ജ വേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ്, ജൈവവേലി എന്നിവ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നിർമ്മിക്കുകയും കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യുന്നു. വനംവകുപ്പ് 2023 ജനുവരി വരെ നടത്തിയിട്ടുള്ള പ്രതിരോധ പ്രവൃത്തികളുടെ വിവരം അനുബന്ധം-1 ആയി ചേർക്കുന്നു. വന്യമൃഗങ്ങൾ നാട്ടിലേയ്ക്കിറങ്ങുന്ന സന്ദർഭത്തിൽ പരിസരവാസികൾക്ക് മുന്നറിയിപ്പ് നൽകുന്നതിന് എസ്.എം.എസ്. സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജനപങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശീയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള 261 ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി അതാത് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാരെ നോഡൽ ഓഫീസർമാരായി ചുമതലപ്പെടുത്തി G.O(Rt) 578/2022/F&WLD dated 26.12.2022 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് അനുബന്ധം -2 ആയി ചേർക്കുന്നു. |
| (ബി) | ഏറനാട് നിയോജക മണ്ഡലത്തിൽ വന്യജീവികളുടെ ആക്രമണം തടയുന്നതിനായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം നൽകാമോ; പ്രസ്തുത പദ്ധതികൾക്കായി ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ; | (ബി) | ഏറനാട് നിയോജക മണ്ഡലത്തിൽ വന്യജീവികളുടെ ആക്രമണം തടയുന്നതിനായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങളും, ചെലവാക്കിയ തുകയും അനുബന്ധം -3 ആയി ചേർക്കുന്നു. |
| (സി) | വന്യജീവി ആക്രമണം ശാശ്വതമായി തടയുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ | (സി) | മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനും ആയതുമായി ബന്ധപ്പെട്ട് ഹ്രസ്വകാല-ദീർഘകാല |

| | | | |
|---|---|---|---|
| | എന്തെല്ലാമാണ് വിശദമാക്കാമോ? | | പദ്ധതികൾ വിഭാവനം ചെയ്യുന്നതിനും KFRI, അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, വെറ്റിനറി യൂണിവേഴ്സിറ്റി, ടൈഗർ കൺസർവേഷൻ ഫൗണ്ടേഷൻ, തദ്ദേശവാസികൾ എന്നിവരുമായി ബന്ധപ്പെട്ട് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കിൾ നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം -1</u>

വനംവകുപ്പ് 2023 ജനുവരി വരെ നടത്തിയിട്ടുള്ള പ്രതിരോധ പ്രവൃത്തികളുടെ വിവരം

| ക്രമ നം. | ഇനം | ദൂരം (കി.മീ) |
|---|---|---|
| 1. | സോളാർ ഫെൻസിങ് | 2640.17 |
| 2. | ഹാങ്ങിങ് സോളാർ ഫെൻസ് | 72.50 |
| 3. | എലിഫന്റ് പ്രൂഫ് ട്രഞ്ച് | 516.422 |
| 4. | എലിഫന്റ് പ്രൂഫ് വാൾ | 70.00 |
| 5. | ക്രാഷ്ഗാർഡ് റോപ് ഫെൻസിംഗ് | 44.00 |
| 6. | റെയിൽ ഫെൻസിംഗ് | 10.00 |
| 7. | ബയോ ഫെൻസിംഗ് | 5.70 |
| 8. | കയ്യാല | 15.12 |

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - വനം വന്യജീവി വകുപ്പിൽ വിവിധ നടപടികൾ ഏകോപിപ്പിക്കുന്നതിന് നോഡൽ ഓഫീസർമാരെ നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (പി.എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.578/2022/F&WLD തീയതി,തിരുവനന്തപുരം, 26-12-2022

---

പരാമർശം:- ബഹു.വനം വന്യജീവി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയുടെ 21.12.2022 ലെ 252/PS/2022/M(F&WL) നമ്പർ കുറിപ്പ്.

**ഉത്തരവ്**

സംസ്ഥാനത്തെ ജനവാസമേഖലകളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മനുഷ്യ-വന്യജീവി സംഘർഷം, വന്യജീവി ആക്രമണത്തിൽ മരണപ്പെട്ടവർക്കും പരിക്കേറ്റവർക്കും കൃഷിനാശം സംഭവിച്ചവർക്കും നഷ്ടപരിഹാരം നൽകൽ, വനേതര പ്രദേശങ്ങളിൽ നിന്നും നിയമാനുസൃതം അനുവദനീയമായ മരങ്ങൾ മുറിക്കുന്നത് തുടങ്ങിയ പൊതുജനങ്ങളിൽ നിന്നും നിരന്തരം ഉണ്ടായിക്കൊണ്ടിരിക്കുന്ന ആവശ്യങ്ങൾക്കും, പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും സർക്കിൾ തലത്തിൽ പരിഹരിക്കാൻ കഴിയാത്തതും അടിയന്തര നടപടികൾ ആവശ്യമായതുമായ വിഷയങ്ങൾ ഉടൻ ബന്ധപ്പെട്ട ഉന്നത ഉദ്യോഗസ്ഥർക്ക് റിപ്പോർട്ട് ചെയ്യുന്നതിനും, ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിനും വിവിധ നടപടികൾ ഏകോപിപ്പിക്കുന്നതിനും നോഡൽ ഓഫീസർമാരെ നിയമിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് കാണുന്നു.

വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥർ ഒരേ വിഷയത്തിൽ വ്യത്യസ്ത അഭിപ്രായങ്ങളും നിലപാടുകളും സ്വീകരിക്കുന്നത് ഒഴിവാക്കുക എന്നതിനായി വനം-വന്യജീവി വകുപ്പിലെ ടെറിറ്റോറിയൽ വിഭാഗത്തിൽപെട്ട നോർത്ത്, ഈസ്റ്റ്, സെൻട്രൽ, ഹൈറേഞ്ച്, സൗത്ത് സർക്കിളുകളിലെ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാരെ അതത് സർക്കിളുകളിലെ നോഡൽ ഓഫീസർമാരായി നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

നോഡൽ ഓഫീസർമാർ അവരുടെ കീഴിൽ വരുന്ന ബന്ധപ്പെട്ട എല്ലാ വിഭാഗത്തിലുംപെട്ട ജീവനക്കാർക്ക് യഥാസമയം ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതും സർക്കിളിലെ എല്ലാ വിഭാഗത്തിന്റെയും പ്രവർത്തനം ഏകോപിപ്പിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതുമാണ്. പൊതുജനങ്ങൾക്ക് ഏത് സമയവും ബന്ധപ്പെടുന്നതിനും അവരുടെ പ്രശ്നങ്ങൾ അവതരിപ്പിക്കുന്നതിനും സാധ്യമാകുന്ന വിധത്തിൽ ടോൾ ഫ്രീ ഫോൺ നമ്പരുകൾ ലഭ്യമാക്കാൻ ബന്ധപ്പെട്ട നോഡൽ ഓഫീസർ ഉടൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഓരോ സർക്കിളുകളിലും ഉണ്ടാകുന്ന പ്രധാന പ്രശ്നങ്ങൾ അതിൽ സ്വീകരിച്ച നടപടികൾ ഉന്നത തലത്തിൽ നടപടികൾ ആവശ്യമായ അടിയന്തര സ്വഭാവമുള്ള വിഷയങ്ങൾ എന്നിവ സംബന്ധിച്ച് കുറഞ്ഞത് മാസത്തിൽ ഒരിക്കൽ എങ്കിലും സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാജേഷ് ജി ആർ

ജോയിന്റ് സെക്രട്ടറി

പകർപ്പ്

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ആന്റ് ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സസ്, തിരുവനന്തപുരം.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഭരണം), തിരുവനന്തപുരം.

നോർത്ത്, ഈസ്റ്റ്, സെൻട്രൽ, ഹൈറേഞ്ച്, സൗത്ത് സർക്കിളുകളിലെ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്ക്

ധനകാര്യ വകുപ്പ്

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്

വനം വന്യജീവി വകുപ്പിലെ എല്ലാ ഓഫീസർമാർക്കും/സെക്ഷനുകൾക്കും

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# **അനുബന്ധം -** 3

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ദൂരം (കി.മീ) | ചെലവാക്കിയ തുക (രൂപയിൽ) |
|---|---|---|---|
| 1 | ജിജിത്തോട് പാലക്കത്തോട് ചാലിയാർ ജി.പി. വരെയുള്ള ആനപ്രതിരോധ മതിൽ നിർമ്മാണം | 1.00 | 9,50,151.00 |
| 2 | കോഴിപ്പാറ മുതൽ ജിജിത്തോട് വരെയുള്ള ആനപ്രതിരോധ മതിൽ നിർമ്മാണം | 0.70 | 3,25,660.00 |
| 3 | അത്തിക്കൽ മുതൽ അകമ്പാടം വരെയുള്ള സൗരോർജ്ജവേലി നിർമ്മാണം | 3.50 | 6,42,169.00 |
| 4 | ചീങ്കണ്ണിപ്പാലി മുതൽ തേവർപ്പാറവരെയുള്ള സൗരോർജ്ജവേലി നിർമ്മാണം. | 4.00 | 6,51,599.00 |
| | **ആകെ** | **9.20** | **25,69,579.00** |